കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

Break the Chain

# മുതിർന്ന പൗരന്മാർ / വൃദ്ധസദനത്തിലെ താമസക്കാർ എന്നിവർക്ക് കോവിഡ് വാക്സിനേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ

## 60 വയസ്സിന് മുകളിലുള്ളവർക്കും 45നും 59നും ഇടയിൽ പ്രായമുള്ള മറ്റ് രോഗബാധിതർക്കും......

മാർച്ച് 1 മുതൽ

കോവിഡ് 19




വാക്സിൻ
എടുക്കാം
സുരക്ഷിതരാകാം



കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സർക്കാർ ആരോഗ്യ വകുപ്പ് നിർദ്ദേശ പ്രകാരം കേരളത്തിലെ മുതിർന്ന പൗരന്മാർക്കുള്ള കോവിഡ് വാക്സിൻ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വൃദ്ധസദനങ്ങളിലും, ഓർഫനേജ് കണ്ട്രോൾ ബോർഡ് അംഗീകാരമുള്ള വൃദ്ധസദനങ്ങളിലും ഉള്ള താമസക്കാർക്ക് വാക്സിനേഷൻ രജിസ്ട്രേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- 2022 ജനുവരി 1-ന് 60 വയസ്സോ അതിന് മുകളിലോ പ്രായമായവർക്കും 45നും 59നും ഇടയിൽ പ്രായമുള്ള മറ്റ് രോഗബാധിതർക്കും കോവിഡ് വാക്സിനേഷൻ മാർച്ച് 1 മുതൽ ലഭ്യമാണ്.

- വാക്സിനേഷൻ ലഭിക്കുന്നതിനായി cowin.gov.in എന്ന വെബ് സൈറ്റ് മുഖേനയോണ് രജിസ്റ്റർ ചെയ്യേണ്ടത്.




- ഒരു മൊബൈൽ നമ്പർ വഴി 4 പേരുടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.
- സർക്കാർ ആശുപത്രികളിൽ നിന്നും വാക്സിൻ സൗജന്യമായി ലഭിക്കും.
- സർക്കാർ ആശുപത്രികളിൽ നേരിട്ടെത്തി രജിസ്റ്റർ ചെയ്തു വാക്സിനേഷൻ സ്വീകരിക്കാവുന്നതുമാണ്.
- താമസക്കാരുടെ പേര്, വയസ്സ്, സ്ത്രീ/പുരുഷൻ, കോൺടാക്ട് നമ്പർ, ആധാർ/മറ്റേതെങ്കിലും ഫോട്ടോ പതിപ്പിച്ചിട്ടുള്ള അംഗീകൃത തിരിച്ചറിയൽ രേഖയുടെ നമ്പർ ഇവ രജിസ്ട്രേഷനായി ലഭ്യമാക്കേണ്ടതാണ്. തിരിച്ചറിയൽ രേഖ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- വാക്സിനേഷൻ കേന്ദ്രം, വാക്സിനേഷൻ തീയതി ഇവ രജിസ്ട്രേഷൻ സമയത്ത് തന്നെ തിരഞ്ഞെടുക്കാവുന്നതാണ്.
- വാക്സിനേഷൻ സെന്ററുകളായി പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികൾ, സി.ജി.എച്ച്.എസ് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, പൊതു കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ, മറ്റ് വിശദ വിവരങ്ങൾ എന്നിവ ചുവടെ ചേർത്ത വെബ് സൈറ്റുകളിൽ ലഭ്യമാണ്.

  ⇒www.dhskerala.gov.in
  ⇒www.arogyakeralam.gov.in
  ⇒www.sha.kerala.gov.in

- വാക്സിനേഷൻ കേന്ദ്രം, വാക്സിനേഷൻ തീയതി ഇവ തിരഞ്ഞെടുക്കുമ്പോൾ താമസക്കാർക്ക് സാമൂഹ്യ അകലം പാലിക്കാൻ പറ്റുന്ന വിധത്തിൽ അവരെ ഏറ്റവും അടുത്തുള്ള സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിൽ കൊണ്ടുപോകാനുതകുന്ന തരത്തിൽ തീയതി, വാക്സിനേഷൻ കേന്ദ്രം എന്നിവ തിരഞ്ഞെടുക്കേണ്ടതാണ്.

- താമസക്കാരുടെ വാക്സിൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ, സംശയങ്ങൾ ഉള്ള പക്ഷം 1507-എന്ന കോൾ സെന്റർ നമ്പർ, ദിശ 1056, 0471-2552056 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

- കൂടാതെ അങ്കണവാടികൾ മുഖേന ശേഖരിച്ച 47 ലക്ഷത്തോളം വരുന്ന വയോജനങ്ങൾക്ക് വാക്സിനേഷൻ ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ജില്ലകളിൽ നിന്നുള്ള വയോജന രജിസ്ട്രേഷൻ നിരീക്ഷിച്ച് എല്ലാ വയോജനങ്ങളുടെയും രജിസ്ട്രേഷൻ രണ്ട് ദിവസത്തിനുള്ളിൽ തന്നെ നടത്തുന്നതിനു വേണ്ട നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കേണ്ടതാണ്.

SOCIAL JUSTICE
DEPARTMENT
care, protection & empowerment


**കേരള സർക്കാർ**

**സാമൂഹ്യനീതി വകുപ്പ്**

സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ,
അഞ്ചാം നില, പി.എം.ജി, തിരുവനന്തപുരം
വെബ്- sjd.kerala.gov.in
ഇമെയിൽ—swdkerala@gmail.com